ഡോ. വന്ദനയുടെ മൃതദേഹം കോട്ടയം മുട്ടുചിറ പട്ടാളമുക്കിലെ വീട്ടിൽ എത്തിച്ചപ്പോൾ

അത്യാഹിത വിഭാഗത്തിനുള്ളിൽ ഡോ. വന്ദനയുടെ ചെരിപ്പും പരിശോധനാ ഉപകരണങ്ങളും ചിതറിക്കിടക്കുന്നു


ചിത്രം: നിതിൻ

മറ്റുള്ളവർക്കായി തുടിച്ച ഹൃദയം കുത്തി വീണിട്ടും വിട്ടില്ല

കൊല്ലം

കുത്തിക്കീറുന്ന നിമിഷംവരെ അയാളോട് അവൾ എത്ര കരുതലും കരുണയും കാണിച്ചിട്ടുണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. എപ്പോഴും മറ്റുള്ളവർക്കായി തുടിച്ച ഹൃദയമാണ് അയാൾ നിശ്ചലമാക്കിയത്. അസീസിയ മെഡിക്കൽ കോളേജിൽ വന്ദനയ്ക്കൊപ്പം ഒരേ ക്ലാസിൽ അഞ്ചുവർഷം പഠിച്ച ഓർമ ഡോ. നിരഞ്ജന പങ്കുവച്ചു.

സ്വയം പഠിക്കുകയും കൂട്ടുകാർക്ക് ഊർജമാകുകയും ചെയ്തിരുന്ന വന്ദനയുടെ ആർദ്ര സൗഹൃദം അറിയാത്തവരില്ല. ‘ഹോസ്റ്റലിൽ ഒരു ഭിത്തിക്ക് അപ്പുറവും ഇപ്പുറവുമായിരുന്നെങ്കിലും ഹൃദയംകൊണ്ട് ഒന്നായിരുന്നു. പഠനകാലത്ത് മാതാപിതാക്കളെ നഷ്ടമായി തകർന്നുപോയ കൂട്ടുകാരിയെ പഠനത്തിലേക്കും ജീവിതത്തിലേക്കും തിരിച്ചുകൊണ്ടുവന്ന വന്ദനയുടെ കരുതലും സ്നേഹവും നേരിട്ട് അനുഭവിച്ചിട്ടുണ്ട്. ക്യാമ്പസിന്റെ മൊത്തം കൂട്ടുകാരിയായിരുന്നു. അവളുടെ വീട്ടിൽ പോയിട്ടില്ലെങ്കിലും പല തവണ പോയതുപോലുള്ള സ്നേഹാനുഭവങ്ങളുണ്ട്’– നിരഞ്ജന പറഞ്ഞു.

കരുനാഗപ്പള്ളിയിൽ സ്വകാര്യ ആശുപത്രിയിൽ ഡോക്ടറാണ് നിരഞ്ജന.

ഡോ. വന്ദനയുടെ അച്ഛൻ മോഹൻദാസിനെ മുഖ്യമന്ത്രി പിണറായി വിജയൻ ആശ്വസിപ്പിക്കുന്നു

സുജിത് ബേബി

തിരുവനന്തപുരം

‘ആശുപത്രിയിലെ നെബുലൈസിങ് മുറിയിൽനിന്ന് വന്ദനയുടെ കരച്ചിൽ കേട്ടാണ് ഓടിച്ചെന്നത്. കാലിൽ മുറിവുമായി വന്നയാൾ അവളെ കത്രികകൊണ്ട് ആഞ്ഞാഞ്ഞ് കുത്തുകയായിരുന്നു’ – പുലർച്ചെ ആശുപത്രിയിൽ കണ്ട കാഴ്ചകൾ വിവരിക്കുമ്പോൾ ഡോ. ഷിബിന്റെ വാക്കുകളിൽ വിറയൽ.

അസീസിയ മെഡിക്കൽ കോളേജിൽ വന്ദനയുടെ സീനിയറായിരുന്നു ഷിബിൻ. രാത്രി ഡ്യൂട്ടിയിലും ഇരുവരും ഒരുമിച്ചായിരുന്നു. ഒപി മുറിയിൽ ഇരിക്കുകയായിരുന്ന അവർ ബഹളം കേട്ടാണ് പുറത്തിറങ്ങിയത്. കാലിൽ മുറിവുമായി വന്നയാൾ പൊലീസുകാരെയടക്കം ആക്രമിക്കുകയായിരുന്നു. എല്ലാവരും ഭയന്നോടി. നെബുലൈസിങ് മുറിയിലേക്കാണ് വന്ദന ഓടിക്കയറിയത്. കരച്ചിൽ കേട്ട് ഓടിയെത്തിയപ്പോൾ വന്ദന കമിഴ്ന്ന് വീണുകിടക്കുന്നുണ്ട്. അക്രമി തുടരെത്തുടരെ ദേഹത്ത് കുത്തുന്നു. ചെറുക്കാൻ വന്ദന പരമാവധി ശ്രമിക്കുന്നുമുണ്ടായിരുന്നു. ധൈര്യം സംഭരിച്ച് വന്ദനയുടെ കാലിൽ പിടിച്ച് പുറത്തേക്ക് വലിച്ചിറക്കി. ഓടിയെത്തിയ പൊലീസുകാർ അക്രമിയെ ആ മുറിക്കുള്ളിൽ പൂട്ടിയിട്ടു.

ഉടൻതന്നെ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ച് പ്രാഥമിക ചികിത്സ നൽകി. വിദഗ്ധ ചികിത്സയ്ക്കായാണ് തിരുവനന്തപുരത്തേക്ക് കൊണ്ടുപോയതെന്നും ഷിബിൻ പറയുന്നു.

ആക്രമണ വിവരമറിഞ്ഞ് ആശുപത്രിയിൽ എത്തിയ സഹപാഠികളായ സുബിനയും ഗോപികയും തിരുവനന്തപുരത്തേക്ക് ആംബുലൻസിൽ ഒപ്പംചേർന്നു. കൊട്ടാരക്കരയിലെ സ്വകാര്യ ആശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകുന്നതിനിടെ വന്ദനയ്ക്ക് ബോധം തെളിഞ്ഞു. വേദനകൊണ്ട് പുളയുകയായിരുന്നതിനാൽ മരുന്നു നൽകി മയക്കി. ഗുരുതരാവസ്ഥയിലാണ് തിരുവനന്തപുരത്ത് എത്തിച്ചത്. ജീവൻ നിലനിർത്താനുള്ള ശ്രമങ്ങൾ വിജയിച്ചില്ല– സുബിന പറഞ്ഞു.

ശക്തമായ നടപടി: മുഖ്യമന്ത്രി

തിരുവനന്തപുരം

ഡ്യൂട്ടിക്കിടയിൽ ആരോഗ്യപ്രവർത്തകർ ആക്രമിക്കപ്പെടുന്നത് അംഗീകരിക്കാനാകില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യപ്രവർത്തകർക്കെതിരെ ഉണ്ടാകുന്ന ആക്രമണങ്ങളിൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഡോ. വന്ദന ദാസ് കുത്തേറ്റ് മരിച്ച സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തും. ഡ്യൂട്ടിക്കിടെ ഡോക്ടർ കൊല്ലപ്പെട്ട സംഭവം ഞെട്ടിക്കുന്നതും അത്യധികം വേദനാജനകവുമാണ്. അക്രമം തടയാൻ ശ്രമിച്ച പൊലീസ് ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും കുത്തേറ്റിട്ടുണ്ട്.കൊല്ലപ്പെട്ട ഡോ. വന്ദന ദാസിന്റെ കുടുംബത്തിന്റെയും സഹപ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി അനുശോചനക്കുറിപ്പിൽ പറഞ്ഞു.

ഞെട്ടൽ മാറാതെ ബിനു

കൊല്ലം

സന്ദീപിന്റെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് കൊല്ലം എൻ എസ് സഹകരണ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സിപിഐ എം ഓടനാവട്ടം ലോക്കൽ കമ്മിറ്റി അംഗവും പാരലൽ കോളേജ് അധ്യാപകനുമായ ബിനുവിന്റെ നടുക്കം ഇനിയും മാറിയിട്ടില്ല. പുലർച്ചെ മൂന്നിന് ‘സഹായിക്കണം’ എന്ന് ഫോൺ വന്നതോടെയാണ് താൻ സന്ദീപിന്റെ വീട്ടിലേക്കു പോയതെന്ന് ബിനു പറഞ്ഞു. കൈയിലൊരു വലിയ വടിയും കാലിൽ മുറിവുമായി സമീപത്തെ വീടിന്റെ പുറകിൽനിന്ന സന്ദീപ് പൊലീസിന് ഫോൺ ചെയ്യുന്നുണ്ടായിരുന്നു. തന്നെ ആരോ ആക്രമിക്കാൻ വരുന്നുണ്ടെന്നും തനിക്ക് പരിക്കുപറ്റിയെന്നുമാണ് ഇയാൾ പൊലീസിനോട് പറഞ്ഞത്. സന്ദീപിന്റെ ഒരു ബന്ധുവിനെയും കൂട്ടിയെത്തി അനുനയിപ്പിക്കാൻ ശ്രമിക്കുന്നതിനിടെ പൊലീസെത്തി. തുടർന്ന് പൊലീസ് വാഹനത്തിൽ സന്ദീപിനെ ആശുപത്രിയിലെത്തിച്ചു.

കാലിലെ മുറിവ് ഡ്രസ് ചെയ്തശേഷം എക്സ്റേ എടുക്കണമെന്ന് ഡോക്ടർ ആവശ്യപ്പെട്ടു. പുറത്തിറങ്ങിയ ശേഷം ഹോം ഗാർഡിനോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് സന്ദീപ് പുറകിലൂടെ ആക്രമിച്ചത്. കഴുത്തിന് കുത്തിയ ശേഷം തള്ളി നിലത്തിട്ടു. തടയാനെത്തിയ ഹോം ഗാർഡ് അലക്സ് കുട്ടിയെയും കുത്തി. പിടിച്ചുമാറ്റാൻ ശ്രമിച്ച എന്റെ വയറിൽ വീണ്ടും കുത്തി. തുടർന്ന് ഒരു മുറിയിൽ കയറി കതകടച്ചാണ് രക്ഷപ്പെട്ടത്. ഇതിനുശേഷമാണ് സന്ദീപ് ഡോ. വന്ദനയെ ആക്രമിച്ചത്. ബോധം വന്നപ്പോൾ ആശുപത്രിയിൽ കിടക്കയിൽ ആയിരുന്നു.

ചേർത്തുപിടിച്ച് മുഖ്യമന്ത്രി

അവർ അറിഞ്ഞില്ല, മകൾ മടങ്ങിയെന്ന്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

മോഹൻദാസും വസന്തകുമാരിയും ബുധനാഴ്ച രാവിലെ കിംസ് ആശുപത്രിയിൽ എത്തിയത് മകളുടെ വിയോഗവാർത്ത അറിയാതെ. ആശുപത്രിയിൽ അക്രമണം ഉണ്ടായെന്നും വന്ദനയ്ക്ക് പരിക്കേറ്റെന്നുമാണ് ആശുപത്രിയിൽ എത്തുവോളം അവരറിഞ്ഞത്. ആശുപത്രിയിൽവച്ച് ഡോക്ടർമാരിൽനിന്ന് ആ ദുഃഖ സത്യം അറിഞ്ഞ് നിലവിട്ട് കരഞ്ഞ അവരെ ആശ്വസിപ്പിക്കാൻ ചുറ്റും നിന്നവർക്കുമായില്ല. രണ്ടുമണിക്കൂറിനു ശേഷമാണ് ചേതനയറ്റ മകളെ അവർ കണ്ടത്.

ആശ്വാസവാക്കുമായി ആദ്യമെത്തിയത് സ്പീക്കർ എ എൻ ഷംസീർ. പിന്നാലെ മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ, മന്ത്രി

വന്ദനയുടെ മൃതദേഹത്തിനരികെ അമ്മ വസന്തകുമാരിയും അച്ഛൻ മോഹൻ ദാസും

മാരായ വീണാ ജോർജ്, വി എൻ വാസവൻ എന്നിവരുമെത്തി. വിങ്ങിക്കരഞ്ഞ മോഹൻദാസിന്റെ കൈകൾ ചേർത്തുപിടിച്ച് മുഖ്യമന്ത്രി ആശ്വസിപ്പിച്ചു. മോർച്ചറിയിൽ എത്തിയ മുഖ്യമന്ത്രി വന്ദനയുടെ നെറ്റിയിൽ കൈവച്ച് അന്ത്യാഞ്ജലി അർപ്പിച്ചു. മകളുടെ മൃതദേഹത്തിനൊപ്പം ആംബുലൻസിലിരുന്ന വസന്തകുമാരിയുടെ അരികിലേക്ക് മുഖ്യമന്ത്രിയും ഗവർണറും ഒരുമിച്ചാണ് എത്തിയത്. കൈകൂപ്പി ഇരുവരും മടങ്ങുമ്പോൾ ഏകമകളെ നഷ്ടമായ ആ അമ്മ തേങ്ങിക്കരഞ്ഞു.

പ്രതി സ്ഥിരം മദ്യപൻ; മയക്കുമരുന്നിനടിമ

സ്വന്തം ലേഖകൻ

എഴുകോൺ

ഡോക്ടറെ കൊലപ്പെടുത്തുകയും നിരവധി പേരെ കുത്തിപ്പരിക്കേൽപ്പിക്കുകയും ചെയ്ത കുടവട്ടൂർ ചെറുകരക്കോണം ശ്രീനിലയത്തിൽ സന്ദീപ് വീടിന് വെളിയിൽ ശാന്തസ്വഭാവക്കാരനായിരുന്നു. സ്ഥിരമായി മദ്യപിക്കുമെങ്കിലും നാട്ടുകാരോട് വഴക്കിടാറില്ല. അക്രമമല്ലാം വീട്ടിനുള്ളിലായിരുന്നു. അമ്മയെയും ഭാര്യയെയും ഉപദ്രവിച്ചിരുന്നു. ലഹരി ഉപയോഗിച്ച് ആക്രമിക്കാൻ ഓടിച്ച ദിവസമാണ് ഭാര്യ വീടുവിട്ടത്. മയക്കുമരുന്ന് ഉപയോഗിക്കുമ്പോഴാണ് സന്ദീപ് അക്രമാസക്തനാകുന്നതെന്ന് ബന്ധുക്കൾ പറയുന്നു.

മൂന്നാഴ്ച മുമ്പ് മൂന്നുപേർക്കൊപ്പം ബൈക്കിൽ പോയപ്പോൾ അപകടത്തിൽപ്പെട്ട് സന്ദീപിന്റെ കാലിന് പരിക്കേറ്റിരുന്നു. കൊല്ലത്തെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അമ്മ സരസമ്മയ്ക്ക് ചൊവ്വാഴ്ച തന്റെ സ്വർണമാല സന്ദീപ് നൽകി. താൻ പോകുകയാണെന്നും മരിക്കുമെങ്കിൽ അച്ഛന്റെ കുഴിമാടത്തിനു സമീപം സംസ്കരിക്കണമെന്നും പറഞ്ഞു. എന്നാൽ, ചൊവ്വ വൈകിട്ടുമുതൽ അയൽവീടുകൾക്ക് മുന്നിൽച്ചെന്ന് അസഭ്യം പറയുകയും തന്നെ ആരോ കൊല്ലാൻ ശ്രമിക്കുന്നെന്ന് ഉച്ചത്തിൽ പറയുകയും ചെയ്തിരുന്നു. സിപിഐ എം ഓടനാവട്ടം ലോക്കൽ കമ്മിറ്റി അംഗവും അയൽവാസിയുമായ ബിനു രണ്ടുതവണ സന്ദീപിനെ അനുനയിപ്പിച്ച് വീട്ടിലേക്ക് മടക്കിയയച്ചു. എന്നാൽ, രാത്രിയിൽ വീണ്ടും ബഹളമുണ്ടാക്കി.

ബുധൻ പുലർച്ചെ രണ്ടരയോടെ അയൽവാസിയായ അധ്യാപകൻ ശ്രീകുമാറിന്റെ വീടിന് സമീപമുള്ള താഴ്ചയിലേക്ക് സന്ദീപ് ചാടി. അവിടെനിന്നു മതിൽ ചാടി വീടിന്റെ അടുക്കളവാതിലിനു സമീപം പതുങ്ങിയിരുന്ന് വിളിച്ചുകൂവി. ഇതിനിടെ കാലിന് വീണ്ടും പരിക്കേറ്റു. വാതിൽ തുറക്കാതെ ശ്രീകുമാർ സമീപവാസികളെ വിളിച്ചുവരുത്തി. കൈയിൽ വടിയുമായിരുന്ന സന്ദീപിനെ വീട്ടിലേക്ക് പോകാൻ നിർബന്ധിച്ചു. തന്നെ ആരോ കൊല്ലാൻ വരുന്നെന്നും പൊലീസിനെ വിളിക്കാനും സന്ദീപ് ആവശ്യപ്പെട്ടു. ഇത് ആരും ശ്രദ്ധിക്കാഞ്ഞപ്പോൾ സ്വന്തം ഫോണിൽനിന്ന് പൊലീസിനെ വിളിച്ചു. ബിനുവും പൂയപ്പള്ളി പൊലീസും സ്ഥലത്ത് എത്തിയെങ്കിലും സന്ദീപ് വീട്ടിൽ പോകാൻ തയ്യാറായില്ല. കാലിലെ പരിക്ക് കണ്ട പൊലീസ് ആശുപത്രിയിൽ പോകാനായി ആംബുലൻസ് വിളിക്കാൻ ശ്രമിച്ചു. ജീപ്പിൽ മതിയെന്ന് സന്ദീപ് പറഞ്ഞു.

ജീപ്പിൽ കയറ്റാൻ ഒരുങ്ങിയപ്പോൾ കുതറി മാറി ജീപ്പിനുമുന്നിൽ കിടന്ന് നിലവിളിച്ചു. ഒരുവിധം അനുനയിപ്പിച്ച് പൊലീസ് ആശുപത്രിയിൽ എത്തിക്കുകയായിരുന്നു.

നിയമം കൂടുതൽ ശക്തമാക്കും: മന്ത്രി

തിരുവനന്തപുരം

ആരോഗ്യപ്രവർത്തകർക്കെതിരായ അക്രമം തടയാനുള്ള നിയമം കൂടുതൽ ശക്തമായി നടപ്പാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഇതുമായി ബന്ധപ്പെട്ട് ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. ഓർഡിനൻസ് ഇറക്കാനാണ് ചർച്ചയിൽ തീരുമാനമായതെന്നും മന്ത്രി പറഞ്ഞു.

വൈദ്യപരിശോധനയ്ക്കിടെ ആക്രമണമുണ്ടാകുന്നത് ആരോഗ്യപ്രവർത്തകരുടെ മനോവീര്യം തകർക്കും. ആക്രമണങ്ങൾ ഒരുകാരണവശാലും അംഗീകരിക്കാനാകില്ല. അതിനെതിരെ പ്രതിരോധം തീർക്കാൻ എല്ലാവരും തയ്യാറാകണം.

കൊട്ടാരക്കരയിൽ പ്രതി അക്രമാസക്തനായിരുന്നു. പൊലീസിനെയടക്കം ആക്രമിച്ചു. ആശുപത്രിയിൽ സിഎംഒയും മറ്റ് ആരോഗ്യപ്രവർത്തകരുമുണ്ടായിരുന്നു. ഹൗസ് സർജനായ വന്ദന അക്രമണമുണ്ടായപ്പോൾ ഭയന്നെന്നാണ് ഡോക്ടർമാർ അറിയിച്ചത്.

ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾക്കിടയിലും ആക്രമണമുണ്ടായത് ഞെട്ടിക്കുന്നതാണെന്നും പേടിച്ച് ഓടാൻ കഴിയാതെ അക്രമിക്കപ്പെട്ടെന്നാണ് മനസിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

അവസാനം വന്നത് കുന്നശ്ശേരിക്കാവിലെ തൂക്കത്തിന്

മുട്ടുചിറ

വന്ദന എംബിബിഎസ് നേടിയപ്പോഴായിരുന്നു മാതാപിതാക്കൾ കുന്നശ്ശേരിക്കാവിൽ തൂക്കം നേർന്നത്. ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ തൂക്കം കാണാനാണ് വന്ദന അവസാനമായി നാട്ടിലെത്തിയത്. പിന്നീട് വന്നത് ബുധനാഴ്ച രാത്രി നിശ്ചലയായി. വിഷുവിന് അവധി കിട്ടാത്തതിനാൽ നാട്ടിലേക്ക് വരാനായില്ല. എംബിബിഎസ് പഠിക്കാൻ പോയപ്പോൾ വീട്ടിൽനിന്ന് മാറിനിൽക്കുന്നതിന്റെ പ്രയാസമുണ്ടായിരുന്നു. എന്നാൽ പഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതോടെ അതെല്ലാം മാറിയതായി ബന്ധുക്കൾ പറഞ്ഞു.